INDIAN SCHOOL NIZWA

MALAYALAM - CLASS -X

WORK SHEET

1. താഴെ കൊടുത്തിരിയ്ക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

ഹാരപ്പൻ ജനതയുടെ കലാമികവ് ഏറ്റവും കൂടുതൽ വ്യക്തമാകുന്നത് സീലുകളിലും, ശില്പങ്ങളിലും, ആഭരണങ്ങളിലും, വെള്ളി, വെങ്കല, കളിമൺ പാത്രങ്ങളിലുമാണ്. ചുട്ടെടുത്തതും അല്ലാത്തതുമായ മൺകട്ടകൾ ഉപയോഗിച്ചാണ് അവർ പൊതുവെ നിർമ്മാണങ്ങൾ നടത്തിയത്. ഇന്ത്യയിലെ ശിലാവാസ്തുവിദ്യയുടെ ആരംഭം മൗര്യകാലത്താണ് എന്നാണ് കരുതിയിരുന്നത്. എന്നാൽ ഗുജറാത്തിലെ ഹാരപ്പൻ സംസ്ക്കാര കേന്ദ്രമായ ധോളവിരയിൽ 1990കളിൽ നടത്തിയ ഉത്ഖനനം ശിലാവാസ്തുവിദ്യയുടെ ആരംഭകാലം രണ്ടായിരത്തിലേറെ വർഷം പിന്നിലേയ്ക്ക് മാറ്റി. ധോളവിരയുടെ കിഴക്കേ പ്രവേശനകവാടത്തിൽനിന്ന് ചുണ്ണാമ്പ്കല്ലിൽ തീർത്ത സ്തംഭത്തിന്റെ അധിഷ്ഠാനവും മിനുസമാർന്ന പ്രതലത്താടുകൂടിയ സ്തംഭത്തിന്റെ ഭാഗികമായ അവശിഷ്ടങ്ങളും ലഭിച്ചതാണ് ബി.സി. നാലാം നൂറ്റാണ്ടിൽനിന്ന് ബി.സി. മൂന്നാം നൂറ്റാണ്ടിലേയ്ക്ക് ശിലാവാസ്തുവിദ്യയുടെ തുടക്കക്കാലമെത്തിച്ചത്. സിന്ധു നദീതട സംസ്ക്കാരത്തിലെ ശില്പങ്ങളാണ് ഇന്ത്യയിൽ നിന്ന് ലഭിയ്ക്കുന്ന ആദ്യകാല ശില്പങ്ങൾക്ക് ഉദാഹരണം. ശിലാവെങ്കലശില്പങ്ങൾക്ക് പുറമേ കളിമൺ ശില്പങ്ങളും ലഭിച്ചിട്ടുണ്ട്. മൃഗ-മനുഷ്യ രൂപങ്ങൾ ഉൾപ്പെടെയുള്ള കളിമൺ ശില്പങ്ങളിൽ മാതൃദേവതമാരെന്ന് പൊതുവെ കരുതപ്പെട്ടിരുന്ന സ്ത്രീ രൂപങ്ങളാണ് പ്രധാനം. ചിത്രങ്ങളും ചിത്രലിപിയും കൊത്തിയ സീലുകളാണ് ഹാരപ്പൻ കലയിലെ മറ്റൊരു വിഭാഗം. ഒറ്റക്കൊമ്പൻ ഉൾപ്പെടെയുള്ള സങ്കല്പ സൃഷ്ടികളായ മൃഗങ്ങളെയും എരുമകൾ, പോത്തുകൾ, കാട്ടുപോത്തുകൾ എന്നിവയെയും സീലുകളിൽ

ചിത്രീകരിച്ചിട്ടുണ്ട്. ജോൺ മാർഷൽ 'പ്രാക്-ശിവൻ' എന്ന് വിളിച്ച സീലിൽ ചിത്രീകരിച്ചിരിക്കുന്ന മൂന്ന് കൊമ്പുകളുള്ള ധ്യാനനിമഗ്നനായിരിയ്ക്കുന്ന മനുഷ്യരൂപം ഇന്ത്യൻ ശില്പകലയെ സംബന്ധിച്ച് സുപ്രധാനമായതാണ്. ഒട്ടേറെ മൃഗങ്ങളെ പ്രസ്തുത രൂപത്തിനുചുറ്റും ചിത്രീകരിച്ചതിനാൽ പശുപതിയെന്നും ആ രൂപത്തെ വിളിക്കാറുണ്ട്. മനുഷ്യാതീത ശക്തിയുടെ ചിത്രീകരണത്തിന് പില്ക്കാല ഭാരതീയ പ്രതിമാകരണ പദ്ധതിയിൽ ഉപയോഗിക്കുന്ന ഒന്നിലേറെ തലകളും കൈകാലുകളും എന്ന സങ്കേതത്തിന്റെ ആദ്യകാല ഉദാഹരണമാണിതെന്ന് പറയാം.

ചോദ്യങ്ങൾ :

(i) ഹാരപ്പൻ കലാരൂപങ്ങളുടെ മികവ് പ്രകടമാകുന്നത് എവിടെയാണ് ?

(ii) ബി.സി. മൂന്നാം നൂറ്റാണ്ടിലാണ് ശിലാവാസ്തുവിദ്യയുടെ തുടക്കമെന്ന് പറയുന്നതെന്തുകൊണ്ട് ?

(iii) ഇന്ത്യയിൽ നിന്ന് ലഭിച്ച ആദ്യകാല ശില്പങ്ങൾ ഏവ ?

(iv) ജോൺ മാർഷൽ 'പ്രാക്-ശിവൻ' എന്നു വിളിച്ച സീലിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക.